## കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

**സ.ഉ. (സാധാ) നം. 89/2017/പൊ.വി.വ.** **തിരുവനന്തപുരം, തീയതി : 25/03/2017**

പരാമർശം : 1) സ.ഉ.(പി) നം. 41/2016/പൊ.വി.വ. തീയതി 28.09.2016.
2) സ.ഉ.(പി) നം. 186/2016/പൊ.വി.വ. തീയതി 07.08.2016.

## ഉത്തരവ്

നവകേരള ദൗത്യത്തിലെ സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി മിഷൻ മാതൃകയിൽ നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായി.

1) 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക

2) ഹൈസ്കൂൾ-ഹയർസെക്കന്ററി തലത്തിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ക്ലാസ് മുറികൾ ആക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക

3) എൽ.പി-യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്ന തിനായി അദ്ധ്യാപക-രക്ഷകർതൃ സംഘടനകൾ, പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവകളുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കും.

4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

2) തുടർന്ന് പ്രസ്തുത പദ്ധതിയെ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി' എന്ന് പുനർനാമകരണം ചെയ്തുകൊണ്ടും ടി പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു.

3) മേൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തികളായ 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക, ബയോ ഡൈവേഴ്സിറ്റി പാർക്ക്, ഓട്ടിസം പാർക്ക്, നീന്തൽക്കുളം തുടങ്ങിയവയുടെ നിർമ്മാണം, ലബോറട്ടറി- ലൈബ്രറി നവീകരണം, കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**
അഡിഷണൽ സെക്രട്ടറി
സെക്രട്ടറിയ്ക്ക് വേണ്ടി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സിയറ്റ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, ആർ.എം.എസ്.എ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ASAP, തിരുവനന്തപുരം
ധനകാര്യവകുപ്പ്
നിയമ വകുപ്പ് (യു.ഒ. നോട്ട് നമ്പർ-6013/കൺവെ.2/2017/നിയമം, തീയതി 20.03.2017)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് : വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്.